**പതിനാലാം കേരള നിയമസഭ**

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 127 — 12.06.19 - ൽ മറുപടിക്ക്.

## കുടുംബശ്രീ നടത്തുന്ന സ്ത്രീശാക്തീകരണ പ്രവർത്തനങ്ങൾ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. സി. കൃഷ്ണൻ<br>ശ്രീമതി. പി.അയിഷാ പോറ്റി<br>ശ്രീ. വി.കെ.സി. മമ്മത് കോയ<br>ശ്രീ. എം. മുകേഷ് | ശ്രീ. എ.സി.മൊയ്തീൻ<br>(തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി) |
| (എ) സ്ത്രീശാക്തീകരണത്തിനുള്ള മുന്നുപാധിയായ സാമ്പത്തിക സ്വയംപര്യാപ്തത കൈവരിക്കുന്നതിനായി അരക്കോടിയോളം അംഗങ്ങളുള്ള കുടുംബശ്രീ നടത്തുന്ന പ്രധാന പ്രവർത്തനങ്ങൾ എന്തെല്ലാമാണ്; വിശദമാക്കാമോ; | (എ) സ്ത്രീശാക്തീകരണത്തിനുള്ള മുന്നുപാധിയായ സാമ്പത്തിക സ്വയംപര്യാപ്തത കൈവരിക്കുന്നതിനായി കുടുംബശ്രീ അംഗങ്ങൾക്ക് സൂക്ഷ്മ സംരംഭ വികസനത്തിലൂടെ വൈദഗ്ദ്ധ്യ പരിശീലനങ്ങളും, സംരംഭങ്ങൾ ആരംഭിക്കുന്നതിനായി സാമ്പത്തിക സഹായങ്ങളും കുടുംബശ്രീ നൽകി വരുന്നു. മൃഗ സംരക്ഷണ മേഖലയിൽ കേരള ചിക്കൻ, ആടുവളർത്തൽ പദ്ധതി, പശുവളർത്തൽ പദ്ധതി, മുട്ട ഉല്പാദന പദ്ധതി, പോത്തു വളർത്തൽ പദ്ധതി, ബ്രാൻഡഡ് ഷോപ്പുകൾ, എ.ബി.സി. എന്നീ പദ്ധതികളിലൂടെ സാമ്പത്തിക സ്വയംപര്യാപ്തത കൈവരിക്കുന്നതിനായുള്ള നടപടികളും സ്വീകരിച്ചു വരുന്നു. കാർഷിക മേഖലയിൽ 65,031 ജെ.എൽ.ജി.ഗ്രൂപ്പുകളിലായി 3.5 ലക്ഷത്തിലധികം വനിതകൾ വരുമാനം കണ്ടെത്തുന്നു. കേന്ദ്രാവിഷ്കൃത നഗര-ദാരിദ്ര്യ ലഘൂകരണ പദ്ധതിയായ ദേശീയ നഗര ഉപജീവന മിഷൻ വഴി നഗരപ്രദേശങ്ങളിലെ പദ്ധതി പ്രകാരമുള്ള ഗുണഭോക്താക്കൾക്ക് അവരുടെ അഭിരുചിയും താത്പര്യത്തിനുമനുസരിച്ച് വിവിധ തൊഴിൽ മേഖലകളിൽ ഹ്രസ്വകാല/ദീർഘകാല പരിശീലനങ്ങൾ നൽകി സ്ഥിര വരുമാനം ലഭ്യമാകുന്ന മേഖലയിലേയ്ക്കോ സ്വയംതൊഴിൽ സംവിധാനത്തിലൂടെ വരുമാനമുണ്ടാക്കുന്ന രീതിയിലേയ്ക്കോ എത്തിച്ച് സാമ്പത്തിക ഭദ്രത ഉറപ്പുവരുത്തുകയും ചെയ്യുന്നു. |
| (ബി) പ്രകൃതി ദുരന്തത്തിൽ ജീവനോപാധി നഷ്ടപ്പെട്ടവർക്കായുള്ള ജീവനോപാധി വികസന പദ്ധതിയിൽ കുടുംബശ്രീ പ്രസ്ഥാനത്തിനുള്ള പങ്ക് അറിയിക്കാമോ; | (ബി) പ്രകൃതി ദുരന്തത്തിൽ ജീവനോപാധികൾ നഷ്ടപ്പെട്ടവർക്ക് ആയത് തിരിച്ചു പിടിക്കുന്നതിനുള്ള കൈത്താങ്ങ് നൽകുന്നതിന്റെ ആവശ്യകത കണക്കാക്കി അർഹരായ കുടുംബശ്രീ അംഗത്തിനു 1,00,000/- രൂപ വരെ പലിശ രഹിത വായ്പ ലഭ്യമാക്കിക്കൊണ്ട് റിസർജന്റ് കേരള ലോൺ സ്കീം (Resurgent Kerala Loan Scheme-RKLS) എന്ന പദ്ധതി നടപ്പിലാക്കുകയും നാളിതുവരെ 1,53,153 പേർക്കായി 1348 കോടി രൂപയുടെ വായ്പ ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്.<br>ഇതിനുപുറമെ പ്രളയക്കെടുതികൾ മൂലം ഉപജീവന മാർഗ്ഗം നഷ്ടപ്പെട്ട കുടുംബങ്ങൾക്ക് വരുമാനമാർഗ്ഗങ്ങൾ കണ്ടെത്തി നൽകുന്നതിന്റെ ഭാഗമായി കുടുംബശ്രീയുടെ നേതൃത്വത്തിൽ 50,000 പേർക്ക് സൗജന്യ സ്വയം തൊഴിൽ പരിശീലനം നൽകുന്നതിനായി ARISE പ്രോഗ്രാം ആരംഭിക്കുകയുണ്ടായി. ഈ പദ്ധതി പ്രകാരം സർക്കാർ അംഗീകൃത തൊഴിൽ പരിശീലന സ്ഥാപനങ്ങൾ വഴിയും കുടുംബശ്രീ എംപാനൽ ചെയ്തിട്ടുള്ള |

| | | | |
|---|---|---|---|
| | | | പ്രമുഖ പരിശീലന ഏജൻസികൾ മുഖേനയും തിരഞ്ഞെടുത്ത 10 മേഖലകളിൽ ഹ്രസ്വകാല നൈപുണ്യ പരിശീലനം നൽകി വരുന്നു. പരിശീലനം പൂർത്തിയാക്കിവർക്ക് ആവശ്യമായ സൂക്ഷ്മ സംരംഭങ്ങൾ ആരംഭിക്കാൻ ആവശ്യമായ സാമ്പത്തിക പിന്തുണയും തുടർപരിശീലനവും നൽകി വരുന്നു. |
| (സി) | സ്വകാര്യ പണമിടപാട് സ്ഥാപനങ്ങളുടെ കെണിയിൽപ്പെടാതിരിക്കാനായി അയൽക്കൂട്ടങ്ങൾക്ക് എത്ര തുകയുടെ ബാങ്ക് വായ്പ ലഭ്യമാക്കിയിട്ടുണ്ട്; വ്യക്തമാക്കുമോ; | (സി) | 2018-19 സാമ്പത്തിക വർഷം 1,03,211 അയൽക്കൂട്ടങ്ങൾക്കായി 4,132 കോടി രൂപയുടെ ബാങ്ക് ലിങ്കേജ് വായ്പ ലഭ്യമാക്കി. |
| (ഡി) | കുടുംബശ്രീ സ്ത്രീ സുരക്ഷാ ബീമാ യോജനയുടെ വിശദാംശം നൽകാമോ; എത്ര പേർക്ക് ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നുവെന്ന് അറിയിക്കാമോ? | (ഡി) | കുടുംബശ്രീ സ്ത്രീ സുരക്ഷ ബീമാ യോജന എന്ന ഇൻഷ്വറൻസ് പദ്ധതി ലൈഫ് ഇൻഷ്വറൻസ് കോർപ്പറേഷൻ ഓഫ് ഇന്ത്യയുമായി ചേർന്ന് 2014 മുതൽ നടത്തിവരുന്നു. നിലവിൽ പ്രധാനമന്ത്രി ജീവൻജ്യോതി സുരക്ഷാ ബീമാ യോജന, പ്രധാനമന്ത്രി സുരക്ഷാ ബീമാ യോജന, ഗ്രൂപ്പ് ഇൻഷ്വറൻസ് എന്നീ പദ്ധതികളെ സംയോജിപ്പിച്ചുകൊണ്ടാണ് സ്ത്രീ സുരക്ഷ ബീമാ യോജന പദ്ധതി നടപ്പിലാക്കിയിരിക്കുന്നത്. കഴിഞ്ഞ സാമ്പത്തിക വർഷം 3.6 ലക്ഷം കുടുംബശ്രീ അംഗങ്ങളാണ് പദ്ധതിയിൽ അംഗത്വമെടുത്തിട്ടുള്ളത്. എല്ലാ വർഷവും ഈ പദ്ധതി ജൂൺ 1-ന് ആരംഭിക്കുകയും മെയ് 31-ന് അവസാനിക്കുകയും ചെയ്യുന്നതാണ്. 2019 ജൂൺ 1-ാം തീയതി മുതൽ എൻറോൾമെന്റ് പുതുക്കൽ നടന്നു വരികയാണ്. |

സെക്ഷൻ ഓഫീസർ